കേസെടുത്തിട്ടുണ്ട്. രണ്ട് കേസുകൾ എടുത്തിട്ടുണ്ട്. ഇത് പ്രത്യേകമായി അന്വേഷിക്കാൻ തൃശ്ശൂർ ക്രൈംബ്രാഞ്ച് ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.യെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് ഫലപ്രദമായ നടപടിയുണ്ടായിട്ടുണ്ടോ എന്ന് അങ്ങുകൂടി സംശയം പ്രകടിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രത്യേകമായിട്ട് അന്വേഷണം നടത്താൻ നിർദ്ദേശം കൊടുക്കുന്നതാണ്.

(6) മഞ്ചേശ്വരത്ത് പല ഭാഗങ്ങളിലും കടൽ കരയോട് അടുക്കുന്നതുമൂലമുണ്ടായിട്ടുള്ള ദുരിതങ്ങൾ

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, കാസർകോഡ് ജില്ലയിലെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് മഞ്ചേശ്വരം മണ്ഡലത്തിലെ കൊയ്പ്പാടി, അരിക്കാടി, ഉപ്പള, മുസോടി, മഞ്ചേശ്വരം എന്നീ ഭാഗങ്ങളിലും കടൽ കരയോട് അടുക്കുന്നതുമൂലം നിരവധി വീടുകൾ നഷ്ടപ്പെടുകയും പല വീടുകളും ഭീഷണിയെ നേരിടുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു പ്രത്യേക സാഹചര്യത്തിലാണ് ഇക്കാര്യങ്ങളെ സംബന്ധിച്ച് ഇവിടെ അവതരിപ്പിക്കുന്നത്. തെങ്ങുകൾ കട പുഴകി വീഴുകയാണ്. കടലോരത്തെ റോഡുകൾ തകർന്നു. കടൽഭിത്തി നിർമ്മിക്കാത്തതുകൊണ്ടാണ് ഈ പ്രദേശങ്ങളിലൊക്കെ ഇങ്ങനെ കടൽ കയറുന്നത് എന്നാണ് ജനങ്ങൾ വിശ്വസിക്കുന്നത്. അതുകൊണ്ടുണ്ടാകുന്ന പ്രയാസമാണെന്ന് മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ അനേകം മൽസ്യത്തൊഴിലാളികൾ തൊഴിലില്ലാതെ ഭയവിഹ്വലരായി കഴിയുകയാണ്. അങ്ങനെ കഴിയുന്ന മൽസ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകുകയും കടൽഭിത്തി നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* നമ്മുടെ കടൽത്തീരത്ത് ആകെ ഉയർന്നു വന്നിട്ടുള്ള ഒരു പ്രശ്നമാണ്. പ്രത്യേകിച്ച് സുനാമിക്കുശേഷം ആ പ്രദേശങ്ങളിൽ ആകെയൊരു insecurity feeling ഉണ്ട്. കടൽഭിത്തി ഉണ്ടെങ്കിലേ ഒരു ആത്മവിശ്വാസത്തോടുകൂടി അവിടെ ജനങ്ങൾക്ക് താമസിക്കാൻ സാധിക്കുകയുള്ളൂ എന്ന സ്ഥിതി വന്നിട്ടുണ്ട്. സുനാമി ബാധിത പ്രദേശങ്ങളായിട്ടുള്ള ആലപ്പാട്, ആറാട്ടുപുഴ, എടവനക്കാട് എന്നീ മൂന്നു പഞ്ചായത്തുകളിലും കടൽഭിത്തി നിർമ്മിക്കുന്നതിനുവേണ്ടി പ്രത്യേകം സംവിധാനമുണ്ടാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് കടൽഭിത്തി കെട്ടുന്നതിന് പ്രത്യേകമായ സഹായങ്ങളൊന്നും ഈ സ്കീമിൽപ്പെടുത്താൻ ഒക്കില്ല. അതുകൊണ്ട് സി.എം.ഡി.ആർ.എഫിൽ നിന്ന് എടുത്താണ് ഇപ്പോൾ ഈ മൂന്നു പഞ്ചായത്തുകളിലും കടൽഭിത്തി കെട്ടുന്നതിന് തുക കൊടുത്തിരിക്കുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽനിന്നും സാധാരണ അത് ചെയ്യാറില്ല, സുനാമിയുടെ ഏറ്റവും വലിയ

LIBRARY ARCHIVES Kerala Legislative Assembly

ആക്രമണം ഉണ്ടായ പ്രദേശങ്ങളിൽ അടിയന്തിരമായി കടൽഭിത്തി കെട്ടണമെന്നുള്ളതിന്റെ പേരിൽ സുനാമി affected ആയിട്ടുള്ള ഈ മൂന്നു പഞ്ചായത്തുകളിലെ കടൽഭിത്തിക്ക് വേണ്ടി ഏതാണ്ട് 11 കോടിയിലധികം രൂപ എടുത്തുകൊടുത്തു. അവിടെ ടെൻഡർ ചെയ്ത് പണി നടക്കുകയാണ്. മറ്റ് പ്രദേശങ്ങളിലും തുക വേണമെന്നുള്ള ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. ഇപ്രാവശ്യത്തെ ധനകാര്യ കമ്മീഷന്റെ ശുപാർശയിൽ കടൽഭിത്തിക്കുവേണ്ടി പ്രത്യേക തുക അനുവദിച്ചിട്ടുണ്ട്. ആ തുക ഈ വർഷം കിട്ടില്ല. അടുത്ത വർഷം തൊട്ട് കുറേ പ്രയോജനപ്പെടുത്താൻ സാധിക്കും. അതുപോലെതന്നെ കേന്ദ്ര ഗവൺമെന്റിന്റെ രാജീവ്ഗാന്ധി പാക്കേജിൽ കടൽഭിത്തി നിർമ്മാണം കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇന്ന് കടൽഭിത്തിയില്ലാത്ത മേഖലകളിൽ ഒട്ടാകെ കടൽഭിത്തി നിർമ്മിക്കുന്നതിനാവശ്യമായിട്ടുള്ള ഒരു സംവിധാനമാണ് ഗവൺമെന്റ് എടുത്തിരിക്കുന്നത്. ധനകാര്യ കമ്മീഷനിൽ നിന്ന് നമുക്ക് നാലു വർഷം കൊണ്ട് കിട്ടുന്ന സഹായവും അതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ രാജീവ്ഗാന്ധി പാക്കേജിൽ ഉൾപ്പെടുത്തി കിട്ടുന്ന സഹായവും ഉപയോഗിച്ചുകൊണ്ട് ശേഷിക്കുന്ന പ്രദേശങ്ങളിൽ കടൽഭിത്തി കെട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

IV. റൂളിംഗ്

അംഗങ്ങൾ ഹാജർ രേഖപ്പെടുത്തിയതിനുശേഷം വെട്ടിക്കളഞ്ഞതു സംബന്ധിച്ച്

മി. സ്പീക്കർ: 5-7-2005-ൽ സഭയിൽ ഹാജരായ ചില അംഗങ്ങൾ ഹാജർ പുസ്തകത്തിൽ ഒപ്പിട്ടശേഷം ആയതു വെട്ടി അവിടെ ആബ്സെന്റ് എന്ന് മാർക്ക് ചെയ്തത് ചട്ടം 172-ന് വിരുദ്ധമായിട്ടുള്ള കാര്യമാണെന്നും അപ്രകാരം ആബ്സെന്റാണെന്ന് പ്രഖ്യാപിച്ച അംഗങ്ങൾ പങ്കെടുത്ത സഭാനടപടിയുടെ സ്ഥിതിയെന്താണെന്നതു സംബന്ധിച്ചും ഒരു റൂളിംഗ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ആര്യാടൻ മുഹമ്മദ്, പി. ടി. തോമസ്, എന്നിവർ ഒരു ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി. ചെയർ ഇക്കാര്യം പരിശോധിച്ചു. നിയമസഭാ നടപടി ചട്ടം 172 സഭയുടെ സിറ്റിംഗുള്ള എല്ലാ ദിവസങ്ങളിലും സെക്രട്ടറി ഹാജർ പുസ്തകം സൂക്ഷിക്കണമെന്നും ഹാജരാകുന്ന അംഗങ്ങളിൽ സ്പീക്കറും മന്ത്രിമാരും ഒഴികെയുള്ളവർ ആയതിൽ ഒപ്പ് വയ്ക്കണമെന്നും അനുശാസിക്കുന്നു. ഇന്നലെ സഭയിൽ ഹാജരായിരുന്ന പ്രതിപക്ഷാംഗങ്ങളിൽ 18 പേർ ഹാജർ പുസ്തകത്തിൽ ഒപ്പിട്ടശേഷം ആയത് വെട്ടിക്കളഞ്ഞിട്ടുണ്ട്. 34 അംഗങ്ങൾ ഇന്നലെ എനിക്ക് എഴുതി ഒപ്പിട്ടുതന്ന കത്തിൽ നിയമസഭയിൽ ഹാജരായ തങ്ങൾക്ക് സിറ്റിംഗ് ഫീസും,

LIBRARY ARCHIVES Kerala Legislative Assembly